അവസ്ഥയിലാണെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം മുഴുവൻ നന്നാക്കാൻ കഴിയുന്നില്ല. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ 16 ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. എനിക്ക് കിട്ടിയിട്ടുള്ളത് ചേരാനല്ലൂർ, ചേലമറ്റം, ഇടവൂർക്കര, ഈസ്റ്റ് ഒക്കൽ, കാപ്പിരിക്കോട് അങ്ങനെ 16 എണ്ണം സമയത്തിന്റെ പരിമിതി മൂലം മുഴുവൻ വായിക്കുന്നില്ല. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ നദീതീരവും കടവും സംരക്ഷിക്കുന്നതിനായി 12 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുവപ്പടി പഞ്ചായത്തിൽ അൽഫോൺസ കോൺവെന്റിനു സമീപമുള്ളത്, കൊമ്പനാട് വില്ലേജിൽ ബദൻപുരം ഐലന്റിന് എതിർവശം പനങ്കുഴി, മുഴിക്കൽ കടവിനു സമീപം കൂടാതെ 26 ലക്ഷം രൂപയ്ക്കുള്ള 5 പണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒക്കൽ തുരുത്തിലേക്കുള്ള നടപ്പാലം നിർമ്മിക്കുന്നതിന് 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2 മീറ്റർ വീതിയും 130 മീറ്റർ നീളവുമുള്ള ഈ നടപ്പാലം നിർമ്മിക്കുന്നതിനുവേണ്ടി വിശദമായ ഇൻവെസ്റ്റിഗേഷൻ ആവശ്യമാണ്.

(6) മറയൂരിലും മറ്റും നടക്കുന്ന ചന്ദനക്കടത്ത് തടയാൻ നടപടി

ശ്രീ. ജോസഫ് എം. പുതുശ്ശേരി : കേരളത്തിന്റെ ഒരു പൊതുപ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ ചന്ദന സമ്പത്ത് കൊള്ളയടിക്കപ്പെടുന്നു എന്നുള്ളത് അടുത്ത കാലത്ത് വ്യാപകമായി ചർച്ച ചെയ്യപ്പെടുകയും ഒട്ടേറെ വിമർശനങ്ങളും വാർത്തകളും ഇതുമായി ബന്ധപ്പെട്ട് നിരവധി പരമ്പരകൾ തന്നെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇന്നലെയും ഇന്നുമൊക്കെയായി പരമ്പരകൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയം വളരെയേറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. സുപ്രീം കോടതി നിയമിച്ച കേന്ദ്ര എമ്പവേർഡ് കമ്മിറ്റിയുടെ കണ്ടെത്തലുകൾ വളരെ ഗൗരവപൂർവ്വം കാണേണ്ടതാണ്. ചന്ദനമാഫിയയ്ക്ക് രാഷ്ട്രീയക്കാരും വനംവകുപ്പ് ഉദ്യോഗസ്ഥരും ഒത്താശ ചെയ്തുകൊടുക്കുന്നു, ചന്ദനക്കൊള്ള നടക്കുമ്പോൾ നിശബ്ദ കാഴ്ചക്കാരായി ഉദ്യോഗസ്ഥർ നിൽക്കുന്നു എന്നുള്ള കാര്യങ്ങൾ വളരെ ഗൗരവമായി കാണേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ നടപടി സ്വീകരിച്ചിരിക്കുകയാണ്. ചന്ദനം മോഷ്ടിച്ചതിന് ശിക്ഷിക്കപ്പെട്ട ആളുകളെ ദിവസക്കൂലി അടിസ്ഥാനത്തിൽ വനപാലകരായി നിയമിച്ചതിനെതിരെ നടപടി എടുത്തതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. അത് റിപ്പോർട്ട് ചെയ്തുവരികയുണ്ടായി. രാജ്യത്തെ ചന്ദന മരങ്ങൾ ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിലാണ് ഏറ്റവും കൂടുതൽ ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നത്. 5241 ച.കി.മീ. ചന്ദനമരങ്ങൾ ഉള്ള കർണ്ണാടക സംസ്ഥാനത്ത് മൂന്നു ചന്ദന ഫാക്ടറികളാണുള്ളത്. 64 ച.കി.മീ. ഉള്ള കേരളത്തിൽ 24 ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നു എന്നാണ് റിപ്പോർട്ട്. ഇങ്ങനെ നമ്മുടെ ചന്ദന സമ്പത്ത് കൊള്ളയടിക്കുന്നു എന്നത് വളരെ ഗൗരവമായ കാര്യമാണ്. വളരെ കർക്കശമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തിര ശ്രദ്ധ ഇതിലുണ്ടാവണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യത്തോടു പൊതുവേ ഞാൻ യോജിക്കുന്നു. മൂന്നാർ ഡിവിഷനിലെ മറയൂർ റെയിഞ്ചിലെ റിസർവ്വുകളിൽ നിന്നും ചന്ദനമരം മോഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ മരങ്ങൾ മുറിച്ചുമാറ്റുന്നുണ്ടോ എന്ന് അന്വേഷിപ്പിക്കാൻ നിയോഗിച്ച ഫോറസ്റ്റ് വിജിലൻസ് പ്രാഥമിക റിപ്പോർട്ട് നൽകി കഴിഞ്ഞു. ഏതാനും ദിവസങ്ങൾക്കകം ഫൈനൽ റിപ്പോർട്ട് ലഭിക്കുമെന്നുള്ള പ്രതീക്ഷയിലാണ്. ചന്ദനമരങ്ങൾ മുറിച്ചുമാറ്റുന്നതായി കണ്ടപ്പോൾതന്നെ കേരളത്തിലെ ഫോറസ്റ്റ് ആക്റ്റ് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനുള്ള നടപടികൾ സ്വീകരിച്ചു. നിലവിലുള്ള ജീവനക്കാർക്കു പുറമേ ചന്ദന മരങ്ങളുടെ സംരക്ഷണത്തിനായി 14-2-2005 മുതൽ ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെയും മൂന്ന് റേഞ്ച് ഓഫീസർമാരെയും ഒൻപത് ഫോറസ്റ്റ് ഓഫീസർമാരെയും 30 ഫോറസ്റ്റ് ഗാർഡുകളെയും ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് ചന്ദനമരങ്ങളുടെ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി നിയമിച്ചിട്ടുണ്ട്. പട്രോളിംഗ് നടത്തുന്നതിനായി 24 പോലീസുകാരുൾപ്പെടുന്ന റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനവും ഉപയോഗിക്കുന്നു. ചന്ദന റിസർവുകളിലും മോഷണ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമ്പുകൾ ഏർപ്പെടുത്തിയും ജീവനക്കാരെ നിയോഗിച്ചും ചന്ദന സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി. ചന്ദനക്കേസുകളിലെ പ്രതികളായവരെ പരമാവധി കണ്ടെത്തി കോടതിയിൽ ഹാജരാക്കിയും വാഹനങ്ങൾ കണ്ടുകെട്ടിയും നടപടികൾ സ്വീകരിക്കുന്നുണ്ട്. അനധികൃതമായ ഫാക്ടറികളും, ചന്ദനം സൂക്ഷിക്കാൻ സാധ്യതയുള്ള മറ്റുപ്രദേശങ്ങളും പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. മറയൂർ ആസ്ഥാനമാക്കി ഒരു ചന്ദന ഫോറസ്റ്റ് ഡിവിഷൻ രൂപീകരിക്കാൻ നടപടികൾ ധൃതഗതിയിൽ മുന്നോട്ടു നീങ്ങുന്നു. കൂടാതെ ചന്ദനമരങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി സമഗ്രമായ ഒരു കർമ്മ പദ്ധതി പൊതുജനങ്ങളിൽ തത്പരരും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമായും ചർച്ച ചെയ്തു രൂപീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പം പ്രകൃതിസ്നേഹികളായ ആളുകളുടെ യോഗം ഞങ്ങൾ തിരുവനന്തപുരത്ത് ഡർബാർ ഹാളിൽ വിളിച്ചുകൂട്ടി ആ യോഗത്തിന്റെ തീരുമാനപ്രകാരം കഴിഞ്ഞ 13-ാം തീയതി മറയൂരിൽ അവിടുത്തെ ത്രിതല പഞ്ചായത്ത് സമിതിയിലെ അംഗങ്ങളുടേയും പൊതുപ്രവർത്തകർ, രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയ എല്ലാവരുടെയും യോഗം ചേർന്നിരുന്നു. ലോകഭൗമദിനമായ ഏപ്രിൽ 22-ന് മറയൂരിൽ ചന്ദന സംരക്ഷണ സംഗമം നടത്തുന്നതിനുവേണ്ടി എല്ലാ ബഹുജനങ്ങളേയും കൂട്ടി ഒരുമിപ്പിക്കാൻ നമ്മൾ ശ്രമിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഇതിൽ തത്പരരായ നമ്മുടെ സമൂഹത്തിന്റെ പ്രതലത്തിൽപ്പെട്ട ആൾക്കാർ, അവരെല്ലാവരും ഒരുമിച്ചു നിൽക്കണം

എന്നഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്തെ അനധികൃത ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടണമെന്ന് സർക്കാർ 9-2-2005-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചന്ദന കള്ളക്കടത്ത് തടയുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി 1961-ലെ കേരള ഫോറസ്റ്റ് ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഒരു കരട് കേരള ഫോറസ്റ്റ് ഭേദഗതി ഓർഡിനൻസ് 2004-ൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ ആഭ്യന്തരമന്ത്രാലയത്തിന്റെ അംഗീകാരത്തിനായി ബഹുമാനപ്പെട്ട പ്രസിഡണ്ടിന്റെ നിർദ്ദേശം ലഭ്യമാകുന്നതിന് 9-2-2004-ൽ അയച്ചിരിക്കുകയാണ്. ഈ കരട് ഭേദഗതി നിയമത്തിനകത്ത് പറയുന്ന അഞ്ചു പ്രധാനപ്പെട്ട കാര്യങ്ങൾ താഴെപ്പറയുന്നവയാണ്: (1) സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതി കൂടാതെ ചന്ദനമരങ്ങൾ വെട്ടിമാറ്റുന്നതും കച്ചവടം നടത്തുന്നതും നിരോധിക്കുക. (2) സ്വകാര്യ ഭൂമിയിലെ ചന്ദനമരങ്ങൾ വനം വകുപ്പു ശേഖരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും ഉടമസ്ഥന് അതിന്റെ വില നൽകുന്നതിനും വ്യവസ്ഥ ചെയ്യുക. (3) ഒരു കിലോ ഗ്രാമിൽ കൂടുതൽ ചന്ദനത്തടിയോ നൂറു ഗ്രാമിൽ കൂടുതൽ ചന്ദനത്തൈലമോ ഒരു വ്യക്തിയുടെ കൈവശം വയ്ക്കുന്നതിന് ലൈസൻസ് നിർബന്ധിതമാക്കുക. (4) ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന ഉദ്യോഗസ്ഥനിൽനിന്നും അല്ലാതെ ചന്ദന തടിയോ ചന്ദനത്തൈലമോ വാങ്ങുന്നത് നിരോധിക്കുക. (5) ഗവൺമെന്റ് അല്ലാതെ മറ്റാരും ചന്ദനത്തൈലം നിർമ്മിക്കുകയോ ശുദ്ധീകരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നത് നിരോധിക്കുക. ഇതാണ് നമ്മൾ സമർപ്പിച്ചിരിക്കുന്ന ഓർഡിനൻസിലെ വ്യവസ്ഥകൾ. പ്രകൃതി സ്നേഹികളായിട്ടുള്ള ആളുകളുടെയും എല്ലാവരുടെയും സഹകരണം ഉണ്ടെങ്കിലേ കേരളത്തിന്റെ നിധിയായ ഈ സമ്പത്ത് സംരക്ഷിക്കാൻ കഴിയൂ. അതുകൊണ്ട് ഭരണ പക്ഷത്തുള്ള ആളുകളും പ്രതിപക്ഷത്തുള്ള ആളുകളും ഈ സംരംഭവുമായി യോജിക്കുന്ന മുഴുവൻ ആളുകളും ഇക്കാര്യത്തിൽ ഒരുമിച്ചുനിൽക്കണം എന്നു മാത്രമാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഫോറസ്റ്റ് ഒഫൻസിൽപ്പെട്ട് പത്തു കേസുകളിൽ വരെ പ്രതികളായിട്ടുള്ള വാച്ചർമാരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്, അങ്ങനെയുള്ള ആളുകളെ അതിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ട്. ഈ ഫോറസ്റ്റ് ഒഫൻസിൽപെട്ട ആളുകൾ കൺഫെഷനോടുകൂടി മടങ്ങിവന്നു എന്നുള്ള argument ഉണ്ടായിരുന്നു. അങ്ങനെയുള്ള ആളുകൾക്ക് വാച്ചർ പോസ്റ്റ് നൽകണം എന്നുപറയുന്നതിനെപ്പറ്റി ആലോചിക്കാൻ പറ്റില്ല. ഫോറസ്റ്റ് കാത്തുസൂക്ഷിക്കാൻ ഫോറസ്റ്റ് ഒഫൻസിൽപെട്ട ആളുകൾ പറ്റില്ല. അതുകൊണ്ടാണ് അവരെ പിരിച്ചുവിട്ടത്. മറ്റു ചില നടപടികൾ കൂടി നടത്തുന്നതിന് അങ്ങ് അനുവദിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly